# പരമ്പരാഗത രുചിയോടൊപ്പം പുതിയ രൂപവുമായി തേൻ വിപണി

Janayugom 31.12.17

തൃശൂർ: നിശ്ചിത പൂക്കളെ മാത്രം ആശ്രയിച്ച് ഉത്പാദിപ്പിക്കുന്ന 'യൂണിഫ്ളോറൽ ഹണി', ഔഷധങ്ങൾ ചേർത്തുണ്ടാക്കു ഔഷധ മൂല്യം കൂടിയ തേൻ, അടയോടു കൂടി വിപണനം ചെയ്യുന്ന കോംബ് ഹണി തുടങ്ങിയ തേനിന്റെ മൂല്യവർദ്ധിത ഉൽപ്പങ്ങൾക്ക് വിപണന സാദ്ധ്യത വലിയ തോതിൽ വർദ്ധിക്കുന്നു. 'മധുരിമ' എന്ന പേരിൽ വൈഗ 2017-നോടനുബന്ധിച്ച് നടന്ന സെമിനാറിൽ പങ്കെടുത്ത വിദഗ്ധരാണ് ഇക്കാര്യം ചൂണ്ടിക്കാട്ടിയത്. സെമിനാറിൽ തേനുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെ അധികരിച്ച് ആർ സി മിശ്ര, ഡോ. ഡെയിസി തോമസ്, ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ എൻ. രാജേഷ്, ഔഷധിയുടെ പ്രതിനിധി ഡോ. ദിവ്യ എസ്. ബാലചന്ദ്രൻ, തേനീച്ച കർഷകരായ സജി ജോസഫ്, സജയ് കുമാർ തുടങ്ങിയവർ സംസാരിച്ചു.

ഒരു സമ്പൂർണ ആഹാരം എന്നതിനോടൊപ്പം മികച്ച ഔഷധം എന്ന നിലയിലും തേനിന്റെ പ്രാധാന്യം ഏറിവരുന്നുവെന്ന് സെമിനാറിൽ അഭിപ്രായം ഉയർന്നു. തുളസി, വെളുത്തുള്ളി, കറുവപ്പട്ട, ജാതിക്ക തുടങ്ങി ഔഷധമേന്മയുള്ള ഒട്ടേറെ പദാർത്ഥങ്ങൾ അണുവിമുക്തമായ സാഹചര്യത്തിൽ തേനിൽ വച്ച് ഉണ്ടാക്കുന്ന പലയിനം തേനുകൾക്ക് നല്ല വിപണന സാധ്യതയുണ്ട്. ഇത്തരം ഔഷധ തേനുകൾക്ക് പല രോഗങ്ങളെ ശമിപ്പിക്കാനാകുമെ് ഡോ. മിശ്ര വെളിപ്പെടുത്തി.




സുര്യകാന്തി, മുരിങ്ങ, വേപ്പ്, ലിച്ചി തുടങ്ങിയ വിളകളെ മാത്രം ആശ്രയിച്ച് ഉൽപാദിപ്പിക്കുന്ന 'സഫ്ളവർ ഹണി', 'മുരിങ്ങഹണി', 'നീം ഹണി', 'ലിച്ചി ഹണി' തുടങ്ങിയവയ്ക്ക് സാധാരണ തേനിനേക്കാൾ വിപണിമൂല്യം ഇന്ത്യക്കുള്ളിലും വിദേശത്തും വർദ്ധിച്ചിട്ടുണ്ട്. കേരളത്തിലെ കർഷകർ ഇത്തരത്തിലുള്ള തേനുല്പാദനത്തിലേക്ക് ശ്രദ്ധ തിരിക്കു് നല്ലതാണെന്ന് വിദഗ്ധർ അഭിപ്രായപ്പെട്ടു. തേനീച്ച പരിപാലനത്തിലൂടെ ലഭിക്കുന്ന ഉപോത്പന്നങ്ങളായ റോയൽ ജെല്ലി, തേനീച്ച മെഴുക്, പൂമ്പൊടി, എന്നിവയും വലിയ സാമ്പത്തിക നേട്ടം തരുന്നവയാണ്. തേനീച്ച പരിപാലനത്തിലേർപ്പെടുന്ന കർഷകർക്ക് സംസ്ഥാന, കേന്ദ്ര സർക്കാരുകളും പൊതുമേഖലാ സ്ഥാപനങ്ങളും സഹായങ്ങളും പരിശീലനങ്ങളും ലഭ്യമാക്കുന്നുണ്ടെന്നും, കർഷകർ ഉപയോഗപ്പെടുത്തണമെും ഡോ. ഡെയിസി തോമസ് അഭിപ്രായപ്പെട്ടു.

ഒരു താൽപര്യത്തിന്റെ പുറത്ത് തുടങ്ങിയ തേനീച്ച വളർത്തൽ കോടിക്കണക്കിന് വിറ്റുവരവുള്ള സംരംഭമായി മാറിയതിന്റെ കഥ, തേനീച്ച കർഷകനായ സജിജോസഫ് വിശദീകരിച്ചു. തേൻ മാത്രം കഴിച്ച് തന്റെ ആരോഗ്യം മെച്ചപ്പെടുത്തിയ അനുഭവമാണ് തേനീച്ച കർഷകൻ സജയ്കുമാർ വ്യക്തമാക്കിയത്. സെമിനാറിന്റെ വിവിധ സെഷനുകളിൽ ഡോ. പ്രൻജിമ്പ് ചക്രബർത്തി, ഡോ. വിദ്യാസാഗരൻ എന്നിവരും പങ്കെടുത്തു.